പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3127 22/06/2012-ൽ മറുപടിക്ക്

വിദ്യാലയ പരിസരത്ത് പുകയില-പാൻമസാല വില്പന-ദൂരപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.എസ്.സലീഖ : | | **ഡോ. എം.കെ. മുനീർ** (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| (എ) വിദ്യാലയങ്ങളുടെ പരിസരത്ത് പുകയില ഉൽപ്പന്നങ്ങളും പാൻ മസാലയും വിൽക്കുന്നതിന് ദൂരപരിധി ഉയർത്തിയ മന്ത്രിസഭാ തീരുമാനം തദ്ദേശസ്വയംഭരണ വകുപ്പ് അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. ആരോഗ്യ കുടുംബക്ഷേമ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ഇതേ കാര്യത്തെക്കുറിച്ച് രണ്ടുത്തരവുകൾ പുറപ്പെടുവിച്ചിരിക്കുന്നതിനാൽ തദ്ദേശ സ്വയംഭരണ വകുപ്പു പുറപ്പെടുവിച്ച സർക്കുലർ പിൻവലിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. എന്നാൽ കൗൺസിൽ തീരുമാന പ്രകാരം, പിൻവലിച്ച നടപടി റദ്ദാക്കുകയും ഇപ്പോൾ ഇരുവകുപ്പുകളുടേയും ഉത്തരവും സർക്കുലറും നിലനിൽക്കുകയും ചെയ്യുന്നുണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; മന്ത്രിസഭാ തീരുമാനം അട്ടിമറിച്ച തദ്ദേശസ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | (ബി) | സർക്കുലർ പിൻവലിച്ച ഉദ്യോഗസ്ഥരുടെ വിശദീകരണം ലഭിച്ചിട്ടുണ്ട്. നടപടി സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മറുപടി പരിശോധിച്ചാലേ ഉദ്യോഗസ്ഥന്മാരുടെ പക്കൽ എന്തെങ്കിലും തെറ്റു സംഭവിച്ചിട്ടുണ്ടോയെന്നു തീരുമാനിക്കാൻ കഴിയൂ. |

സെക്ഷൻ ആഫീസർ